എമ്മാവൂസ്

# വചനദൂത്

കൈത്താക്കാലം അഞ്ചാം ഞായർ ലൂക്കാ 16:19–31

Vol.10 / Issue - 10 / 22 Aug 2017



# ധനവാനും ലാസറും



ബ്ര. പ്രിൻസ് വെട്ടുകാട്ടിൽ

നിലവിലുള്ള വ്യവസ്ഥിതിയെ നീക്കം ചെയ്യുക അല്ലെങ്കിൽ മാറ്റുക എന്നത് വിപ്ലവത്തിന്റെ ഒരു രീതിയാണ്. സക്രാരിയിൽ വസിക്കുന്ന യേശു ക്രിസ്തു ലോകം കണ്ടിട്ടുള്ള ഏറ്റവും വലിയ വിപ്ലവകാരിയായിരുന്നു. പക്ഷേ ഒരു വ്യത്യാസം മാത്രം; മറ്റു വിപ്ലവകാരികൾ ബാഹ്യമായ വിപ്ലവത്തെപ്പറ്റി പ്രസംഗിച്ചപ്പോൾ, ക്രിസ്തു ആന്തരികമായ വിപ്ലവത്തെപ്പറ്റിയാണ് പഠിപ്പിച്ചത്. കാരണം ആന്തരികമായ വിപ്ലവം മനുഷ്യൻ അനുഭവിച്ചു കഴിഞ്ഞാൽ ബാഹ്യമായത് സ്വയം സംഭവിച്ചുകൊള്ളും. ഇഹലോകത്ത് സമ്പത്തുകൂട്ടിവെച്ച് നരകം സ്വന്തമാക്കിയ ധനവാന്റെയും വേദനയും വിശപ്പും സഹിച്ച് പരലോകത്ത് സ്വർഗ്ഗം സ്വന്തമാക്കിയ ലാസറിന്റെയും ഉപമ ലൂക്കായുടെ സുവിശേഷം 16–ാം അദ്ധ്യായനത്തിലൂടെ വിശദീകരിച്ചുകൊണ്ട് ഒരു ആത്മീയ ആന്തരിക വിപ്ലവം ക്രിസ്തു നമ്മുടെ ജീവിതത്തിലും സൃഷ്ടിക്കുകയാണ്. പണ്ട് സ്കൂളിൽ പഠിക്കുന്ന കാലത്ത് റോഡരികിലൂടെ കേബിൾ കുഴിയെടുക്കാൻ നാടോടികൾ വരുമായിരുന്നു. നമുക്കറിയാം തൊട്ടിലിൽ കിടക്കുന്ന കുഞ്ഞുകുട്ടി മുതൽ വാർദ്ധ്യക്യത്തിൽ എത്തിയവർ വരെ അവരുടെ കൂട്ടത്തിൽ കാണും. റോഡരുകിൽ മുഷിഞ്ഞ വസ്ത്രവും കാറ്റിൽ അലസമായി പാറിപ്പറക്കുന്ന മുടിയും മൂക്കും ഒലിപ്പിച്ച് ഓടിക്കളിക്കുന്ന അവർ സ്കൂൾ കുട്ടികളെ ആകാംഷയോടെ നോക്കി നിൽക്കും. കാഴ്ചക്കാരന് വേദന സമ്മാനിക്കുന്ന ഒരു രംഗമാണിത്. ആ ആകാംഷയോടെ നോക്കുന്ന നയനങ്ങൾക്ക് പുറകിൽ സ്കൂൾ എന്തെന്നുപോലും അറിയാത്ത വേദനിക്കുന്ന, ഒരു ഹൃദയം ഉണ്ട് എന്ന് നാം മനസ്സിലാക്കണം. വീട്ടിലേക്ക് കയറിവരുന്ന ഭിക്ഷാടകനെ കാണുമ്പോൾ നമ്മൾ പറയും; “കഴിഞ്ഞ ആഴ്ച ഒന്ന് വന്ന് പോയതേ ഉള്ളൂ ഇതാ നാശം വീണ്ടും.” ഭിക്ഷ കൊടുക്കുന്നത് കുറഞ്ഞു പോയാൽ ചിലപ്പോൾ അവൻ ആക്രോശിച്ചെന്നിരിക്കും. അവനുമായ് വാക്ക് തർക്കത്തിലാകുന്ന നമ്മൾ അവന്റെ കണ്ണിലേക്ക് നോക്കണം. ആത്മാഭിമാനം വെടിഞ്ഞ് വീടുതോറും തെണ്ടി ജീവിതം മുമ്പോട്ട് നയിക്കുന്ന അവന്റെ ജീവിതത്തിലെ നൊമ്പരങ്ങളെയും പ്രയാസങ്ങളെയും അപ്പോൾ മാത്രമേ നമുക്ക് കാണാൻ

കഴിയൂ. കണ്ണടച്ചും കാതുപൂട്ടിയും നടക്കുന്നതുകൊണ്ടാവാം കാരുണ്യത്തിനായുള്ള ഈ നിലവിളികൾ നമ്മൾ കേൾക്കാത്തത്.

ഹൃദയത്തിന്റെ ഉള്ളിലേക്ക് ചൂഴ്ന്നിറങ്ങി സ്വന്തം മനസാക്ഷിയെ വഞ്ചിക്കാതെ ധ്യാനിക്കേണ്ട ഒരു കഥാപാത്രമാണ് ഇന്നത്തെ ഉപമയിലെ ധനവാൻ. കണ്ണുണ്ടായിട്ടും തന്റെ പടിവാതിൽക്കൽ കിടക്കുന്ന ലാസറിനെ അവൻ കണ്ടില്ല. കാതുണ്ടായിട്ടും അവന്റെ ദീനരോദനം കേട്ടില്ല. സമ്പത്തുണ്ടായിട്ടും അത് പങ്കുവച്ച് അവനെ ശുശ്രൂഷിച്ചില്ല എന്നതാണ് ധനവാൻ ചെയ്ത തെറ്റ്. ദൃശ്യപരിധി നമ്മുടെ സൗഭാഗ്യങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുമ്പോൾ സഹോദരനുമായി അകൽച്ച വരുന്നു. നമ്മുടെ ദൃശ്യപരിധിക്കുള്ളിൽ അവൻ ഇല്ലാതാകുന്നു. ധനവാൻ വീണ്ടും ധനവാനാകുകയും ദരിദ്രൻ കൂടുതൽ ദരിദ്രനാകുകയും ചെയ്യുന്ന ഇന്നിന്റെ സമ്പദ്വ്യവസ്ഥ അകൽച്ചകളാണ് സൃഷ്ടിക്കുന്നത്. ജാതിയുടെയും മതത്തിന്റെയും പേരിൽ രാഷ്ട്രീയ മുതലെടുപ്പുകളും ഗോമാംസ നിരോധനവും മന്ത്രിസ്ഥാനത്തേക്ക് ആരോഹണം ചെയ്യപ്പെടുന്ന യോഗിമാരും ഉള്ള സാഹചര്യം വരെയെത്തി നിൽക്കുമ്പോൾ ജനങ്ങൾക്കിടയിൽ അകൽച്ചകൾ ഉണ്ടാകുന്നു. ചെമന്ന പട്ടും മൃദുല വസ്ത്രങ്ങളും ധരിക്കുകയും എന്നും സുഭിക്ഷമായി ഭക്ഷിച്ച് ആനന്ദിക്കുകയും ചെയ്യുന്ന മത-രാഷ്ട്രീയ-വ്യക്തി പ്രവാഹങ്ങളുടെ നിഴലിൽ സാധാരണക്കാരന്റെ അവകാശങ്ങളും ആനുകൂല്യങ്ങളും കവർന്ന് എടുക്കപ്പെടുന്നു. അധികാരത്തിന്റെയും സമ്പത്തിന്റെയും കരുത്തിൽ പേടിപ്പിച്ചും പിടിച്ച് പറിച്ചും കൊലചെയ്തും നീതി അർഹിക്കുന്ന ലാസർമാരുടെ വായടപ്പിക്കുന്ന പ്രക്രിയ ഇന്നും തുടരുന്നു.

'വായ്ക്കരി' എന്ന കവിതയിൽ മരിച്ചു കിടക്കുന്ന പുലയനെ കാണാനും, അവന്റെ അന്ത്യകർമ്മങ്ങൾ ചെയ്യാനും മതപ്രതിനിധികളും സാമൂഹ്യനേതാക്കളും എത്തുന്നു. അന്ത്യകർമ്മത്തിന്റെ ഭാഗമായ് വായ്ക്കരിയിടാൻ കരഞ്ഞുകൊണ്ടിരിക്കുന്ന പുലയന്റെ ഭാര്യയോട് ഒരു പിടി അരി അവർ ചോദിച്ചു. പുലയത്തിപ്പെണ്ണ് തേങ്ങിക്കൊണ്ട് പറഞ്ഞു: "ഒരു പിടി അരി ഈ കൂരയിൽ ഉണ്ടായിരുന്നെങ്കിൽ ഇദ്ദേഹം മരിക്കുകയില്ലായിരുന്നു." നാല് നേരവും സുഭിക്ഷമായി ഭക്ഷണം കഴിക്കുന്ന നമ്മൾ ഒന്ന് ചിന്തിക്കണം ഒരു നേരത്തെ ഭക്ഷണമെങ്കിലും കിട്ടിയാൽ ഇന്നേ ദിവസം മരിക്കാതെ ജീവൻ നിലനിർത്താൻ സാധിക്കുന്ന ഒത്തിരിയേറെ ആൾക്കാർ നമുക്ക് ചുറ്റും ഉണ്ട്. സൗഭാഗ്യത്തിന്റെയും സമ്പത്തിന്റെയും മദ്ധ്യേ ആനന്ദിച്ച് അർമാദിച്ച് നടക്കുമ്പോൾ നടപ്പാതക്കരുകിൽ ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി ഇരുന്നും നിരങ്ങിയും നീങ്ങുന്ന ലാസർമാരുടെ ദീനരോദന ജീവിതം നമ്മളും കണ്ടില്ല എന്ന് നടിക്കരുത്.

സഹോദരരേ നാമും ചിന്തിക്കേണ്ടിയിരിക്കുന്നു, പാവപ്പെട്ടവനും വിശക്കുന്നവനും നീതി നിഷേധിക്കപ്പെട്ടവനും സമൂഹം ഭ്രഷ്ട് കൽപ്പിച്ച് പുറത്താക്കിയവനും എന്റെ ദൃശ്യപരിധിക്കുള്ളിൽ ഉണ്ടോ? ഇല്ലെങ്കിൽ എന്റെ ദൃശ്യപരിധി ഞാൻ ഇരുവരുടെയും കാവൽക്കാരനാണ് എന്ന ചിന്തയിലേക്ക് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. മരുന്ന് മേടിക്കാൻ കഴിയാത്തവനും സ്കൂൾ മുറ്റം സ്വപ്നം കണ്ട് കിടക്കുന്ന കുരുന്നുകളും തൊഴിൽ നഷ്ടപ്പെട്ടവനും ഒരു മുഴം കയറിൽ ജീവിതം കെട്ടിയിടാൻ ശ്രമിക്കുന്നവരെയും പീഡനങ്ങൾക്കിരയായ് ജീവിതത്തെ ഒരു ചോദ്യചിഹ്നമായ് കാണുന്നവരെയും അകലങ്ങളിൽ മാത്രം കാണാതെ എന്റെ കാഴ്ചക്കുള്ളിലാക്കണം. അല്ലെങ്കിൽ സ്വർഗ്ഗം എനിക്ക് എന്നേക്കുമായ് അകലങ്ങളിൽ മാത്രമായിരിക്കും. വി. ബേസിൽ ഇങ്ങനെ പറയുന്നു; "മറ്റൊരാളുടെ വസ്ത്രം മോഷ്ടിക്കുന്നവരെ കള്ളൻ എന്ന് വിളിക്കുന്നു എന്നാൽ നഗ്നനായ ഒരുവനെ ഉടുപ്പിക്കാൻ കഴിയുമായിരുന്നിട്ടും അങ്ങനെ ചെയ്യാത്തവനെ എന്താണ് വിളിക്കുക?" നമ്മുടെ കഴിവും സമ്പത്തും ജ്ഞാനവുമെല്ലാം മറ്റുള്ളവർക്കുവേണ്ടി കൂടി ഉപയോഗിക്കുക. മനുഷ്യന്റെ ഭൂമിയിലുള്ള ജീവിതം നിത്യതയിലേക്കുള്ള പടിവാതിൽ മാത്രമാണ്. അതിനാൽ മരണം ജീവിതത്തിന്റെ പടിവാതിൽക്കൽ അതിഥിയായ് എത്തുന്നതിനു മുമ്പ് നമ്മുടെ ആത്മാവ് സ്വർഗ്ഗത്തിന്റെ പടിവാതിക്കൽ കടക്കാൻ നന്മപ്രവർത്തികൾ നമുക്ക് ചെയ്യാം. ധനവാനെപ്പോലെ മരണശേഷം വിധിയുടെ നിമിഷം ദൈവത്തെ മുഖാഭിമുഖം കാണുമ്പോൾ പാപത്തെക്കുറിച്ച് ദുഃഖിക്കുകയും പശ്ചാത്തപിക്കുകയും ചെയ്തുകൊണ്ട് കാര്യമില്ല. നീതിമാനായ ദൈവത്തിലാണ് നാം വിശ്വസിക്കുന്നത് എങ്കിൽ അവിടുന്ന് മനുഷ്യനെക്കാൾ കൂടുതൽ നീതിയുള്ളവനാണ് എന്നും നീതി അനുസരിച്ച് ശിക്ഷയും അവിടുത്തെ പക്കൽ ഉണ്ട് എന്നും നാം മനസ്സിലാക്കണം.

സമ്പത്തിന്റെ മാസ്മരിക ശക്തിക്ക് അടിമപ്പെട്ട് ജീവിക്കാതെ ചെയ്യേണ്ട നന്മകൾ നമ്മുടെ സഹോദരങ്ങൾക്കായ് ചെയ്യുവാൻ ശ്രമിക്കാം. ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണ് എന്ന ഉത്തരവാദിത്വം ആന്തരിക വിപ്ലവം നമ്മിലും ജ്വലിക്കട്ടെ. ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന നന്മപ്രവർത്തികളാകുന്ന സമ്പത്ത് ഈ ലോകത്ത് വച്ച് മറ്റുള്ളവർക്കായ് വ്യയം ചെയ്ത് സ്വർഗ്ഗമാകുന്ന നിത്യസമ്പത്ത് നേടിയെടുക്കാൻ ഈ പരിശുദ്ധ ബലിയിലൂടെ നമുക്ക് പ്രാർത്ഥിക്കാം. ◆